മലങ്കര സുറിയാനി കത്തോലിക്കാസഭ
തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 25 | 2020 സെപ്റ്റംബർ – ഒക്ടോബർ | ലക്കം 9, 10



## 26-ാം ഓർമ്മപ്പെരുന്നാൾ

### ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ

2020 ഒക്ടോബർ 10



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത
സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, ഊരകം (15 ആഗസ്റ്റ് 2020)

മലങ്കര സുറിയാനി കത്തോലിക്കാസഭ

തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

To Unite In Love

വാല്യം 25 2020 സെപ്റ്റംബർ-ഒക്ടോബർ ലക്കം 9, 10

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

# സഭാ വാർത്തകൾ

SECRETARIAT OF STATE

No. 499. 703 From the Vatican, 13 July 2020

Your Beatitude,

His Holiness Pope Francis has received the kind letter which you sent to him, regarding the present Covid-19 situation.

In thanking you for this thoughtful gesture and prayers, the Holy Father wishes me to convey the assurance of his prayers for you and all the faithful. To those who are suffering due to the present corona situation, and to all who offer assistance to them, he sends his blessing.

With sentiments of fraternal esteem and every good wish, I remain

Yours sincerely in Christ,

Pietro Card. Parolin

Secretary of State

---

His Beatitude Cardinal Baselios Cleemis
Major Archbishop of the Syro-Malankara Church
Catholicate Centre
Pattom, 695 004
Trivandrum, Kerala
India.

APOSTOLIC NUNCIATURE
IN INDIA

N. 4470/20

50-C, NITI MARG, CHANAKYAPURI
NI W DELHI - 110 021

8 September 2020

Your Beatitude,

I hasten to convey to you the following message, received from the Secretary of State of His Holiness:

*His Beatitude Cardinal Baselios Cleemis,*
*Major Archbishop of Trivandrum of the Syro-Malankara Faithful*

*His Holiness pope Francis sends prayerful greetings to you and your brother bishops, and to the clergy, religious and lay faithful of the Syro-Malankara Church as you celebrate the ninetieth anniversary of full communion with the See of Peter. He prays that this commemoration will confirm you in fidelity to the apostolic foundations of your ecclesial life and tradition, and inspire younger generation to appreciate evermore fully its patrimony of faith and holiness of life. His Holiness trusts that this spiritual legacy will continue to sustain the faithful in joyful witness to the massage of salvation and in bringing Jesus' compassionate love to the poorest and most vulnerable, especially those suffering the grave effects of the current pandemic. It is likewise his hope that by maintaining fruitful dialogue with other Christians and the followers of other religious, they will contribute to the building of a lasting culture of authentic solidarity and fraternal cooperation in service of the common good. Entrusting the entire ecclesial community to the intercession of Saint Thomas the Apostle, the Holy Father cordially imparts his Apostolic Blessing as pledge of joy and peace in the Lord.*

Cardinal Pietro Parolin
Secretary of State

I reiterate my hearty congratulations, and with respectful regards, I remain,

Yours devotedly in the Lord Jesus Christ,

+ Giambattista Diquattro
Apostolic Nuncio

---

His Beatitude
Cardinal BASELIOS CLEEMIS
Major Archbishop-Catholicos of Trivandrum.

# THE SYRO-MALANKARA CATHOLIC CHURCH

**MORAN MOR BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Major Archiepiscopal Curia
Catholicate Centre
Pattom, Trivandrum-695004

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2020

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## 90-ാം പുനരൈക്യവാർഷിക സഭാസംഗമം

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സഭൈക്യ സാക്ഷ്യം ഭാരതസഭയിൽ സംഭവിച്ചിട്ട് 90 വർഷം പൂർത്തിയാകുന്നു. ഈ അവസരത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാസഭ പുനരൈക്യ നവതിയുടെ സമാപനവും സഭാസംഗമവും വലിയ സന്തോഷത്തോടും കൃതജ്ഞതയോടും ആത്മാഭിമാനത്തോടും കൂടി ആഘോഷിക്കുകയാണ്. പുനരൈക്യശിൽപി ദൈവദാസൻ ആർച്ച്ബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ ജന്മനാടായ മാവേലിക്കരയിൽവച്ച് സെപ്റ്റംബർ 19 മുതൽ 21 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്ന പുനരൈക്യ നവതി ആഘോഷങ്ങളിൽ ആത്മീ

യമായി പങ്കുചേരുവാൻ സഭാമക്കളേവരെയും ഞാൻ ഹൃദയപൂർവ്വം ക്ഷണിക്കുന്നു.

പുനരൈക്യ പ്രവാചകൻ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായിലൂടെ ആരംഭിച്ച പുനരൈക്യ പ്രസ്ഥാനം 90 വർഷം പൂർത്തിയാകുമ്പോൾ, വന്ദ്യപിതാവ് കൊളുത്തിയ ഐക്യത്തിന്റെ ദീപം ഇതുവരെയും കാത്തുസൂക്ഷിക്കുവാനും അനേകർക്ക് പ്രകാശമാകുവാനും മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ദൈവം പ്രത്യേകം ഒരുക്കിയതിനെയോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. കഴിഞ്ഞ 9 ദശാബ്ദം ദൈവം നമ്മുടെ സഭാകൂട്ടായ്മയെ കൂടെയിരുന്ന് നയിച്ചതിനെയോർത്ത് അവിടുത്തെ തിരുമുമ്പിൽ നമുക്ക് നന്ദിയുള്ളവരാകാം. ഒരു സഭാസമൂഹമെന്നനിലയിൽ കഴിഞ്ഞകാലങ്ങളിൽ വന്നുപോയിട്ടുള്ള കുറവുകളെയും, പോരായ്മകളെയും ശുശ്രൂഷാ മേഖലകളിൽ വന്ന തളർച്ചകളെയും തിരിച്ചറിഞ്ഞ് നമുക്ക് ദൈവത്തോട് മാപ്പ് അപേക്ഷിക്കാം. അടുത്ത പത്തു വർഷക്കാലം പുനരൈക്യ ശതാബ്ദിക്കായി നാം പ്രത്യേകമായി ഒരുങ്ങേണ്ട കാലഘട്ടമാണല്ലോ! ഒരു സഭയായി ഉറച്ച വിശ്വാസത്തോടും, ബോധ്യത്തോടും, തീക്ഷ്ണതയോടും, അഭിഷേകത്തോടുംകൂടെ ഇതിനായി നമുക്ക് ഒരുങ്ങാം.

സഭാചരിത്രത്തിൽ 1930 സെപ്റ്റംബർ 20-ന് നടന്ന പുനരൈക്യ മഹാസാക്ഷ്യം പൊടുന്നനെ സംഭവിച്ച ഒരു കാര്യമല്ല. മാതൃസഭയ്ക്കുള്ളിൽ നിലനിന്നിരുന്ന വ്യവഹാരങ്ങളുടെയും വെട്ടിപ്പിടിക്കലിന്റെയും വിദ്വേഷത്തിന്റെയും നെടുവീർപ്പുകൾ മാർ ഈവാനിയോസ് പിതാവിനെ സത്യവിശ്വാസത്തിന്റെ സ്ഥിരീകരണത്തിലേക്കും, അനന്യമായ സമർപ്പണത്തിലേക്കും, തിരുസഭാകൂട്ടായ്മയിലേക്കും വഴി നടത്തി. സ്ഥാനമാനങ്ങളും സാമ്പത്തിക ലാഭങ്ങളുമൊക്കെ ദൈവസമ്പാദനത്തിനായി ഉപേക്ഷിക്കുവാനുള്ള വന്ദ്യ പിതാവിന്റെ നിശ്ചയദാർഢ്യം പുനരൈക്യ വഴിയിലെ ചരിത്ര പാഠങ്ങളാണ്. "ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും" (യോഹ.12:24). പഴയനിയമത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ ജനത്തെപ്പോലെ ദൈവത്തിൽ മാത്രം ശരണം വച്ചുകൊണ്ട് നടത്തിയ ഒരു വിശ്വാസ തീർത്ഥാടന യാത്രയുടെ പരിണിതഫലമാണ് പുനരൈക്യ മഹാസാക്ഷ്യം. ഇന്ന് നവതിയിലെത്തി നിൽക്കുന്ന

മലങ്കര സഭയുടെ ഈ സുവിശേഷ സാക്ഷ്യം നാളിതുവരെയും പ്രതിസന്ധികളിൽ തളരാതെ പ്രോജ്ജ്വലമായി കാത്തുസൂക്ഷിച്ച പൂർവ്വസൂരികളെ, പിതാമഹൻമാരെ, സമർപ്പിതരെ, പ്രേഷിതരെ ഇത്തരുണത്തിൽ കൃതജ്ഞതയോടെ നമുക്ക് അനുസ്മരിക്കാം. അവർ ഭരമേൽപ്പിച്ച ഈ പുനരൈക്യദീപ്തി തലമുറകളിലേക്ക് കൈമാറാൻ നമുക്ക് പരിശ്രമിക്കാം.

പുനരൈക്യം യഥാർഥത്തിൽ ഒരു സുവിശേഷ സാക്ഷ്യമായിരുന്നു. "അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ.17:21). യേശു ക്രിസ്തുവിന്റെ പൗരോഹിത്യ പ്രാർത്ഥനയുടെ സാരാംശം ഇത് തന്നെയാണ് സൂചിപ്പിക്കുക. ആയതിനാൽ, പുനരൈക്യം ഒരു തുടർ സുവിശേഷ പ്രക്രിയയാണ്. എന്നും, എക്കാലവും, എവിടെയും അത് തുടരേണ്ടിയിരിക്കുന്നു. ലോകമാസകലം ക്രൈസ്തവ സമൂഹം പലവിധത്തിൽ ഞെരുക്കപ്പെടുന്ന ഒരു കാലമാണിത്. പുരാതനമായ ദൈവാലയങ്ങൾ പിടിച്ചെടുക്കപ്പെടുന്നു, തീവ്രവാദം വിവിധ രൂപങ്ങളിൽ ഫണമുയർത്തി നിൽക്കുന്നു, വർഗീയ വിദ്വേഷങ്ങൾ കലാപങ്ങളായി മാറുന്നു. കോവിഡ് മഹാവ്യാധിയുടെ ഇന്നത്തെ പശ്ചാത്തലത്തിൽ അകലങ്ങളും അകൽച്ചകളും വർത്തമാനമാകുന്നു. ഈ പ്രത്യേക സാഹചര്യത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭ അനുരഞ്ജനത്തിന്റെ ഒരു ചരിത്രസ്മാരകമായാൽ പോരാ, മറിച്ച് ജീവിക്കുന്ന സാക്ഷ്യമാകണം. വെല്ലുവിളികളുടെ ഈ കാലഘട്ടത്തിൽ വന്ദ്യപിതാവിന്റെ ജന്മനാടായ മാവേലിക്കരയിൽ വച്ച് നടത്തപ്പെടുന്ന പുനരൈക്യ നവതി ആഘോഷങ്ങൾ ഒരാത്മീയ സാക്ഷ്യമാകുവാൻ നമുക്ക് പ്രാർത്ഥനാപൂർവ്വം പരിശ്രമിക്കാം.

കോവിഡ്-19 എന്ന വ്യാധി ലോകം മുഴുവനും ഒരുപോലെ ബാധിച്ചിരിക്കുന്ന ഈ കാലയളവിൽ എല്ലാ മനുഷ്യരും ഭയത്തിലും, ആകുലതയിലും നിരവധിയായ പ്രയാസങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. ഈ മഹാവ്യാധിയെ ദൈവം ഇടപെട്ട് എത്രയും പെട്ടെന്ന് ഈ ലോകത്തിൽനിന്നും തുടച്ചുമാറ്റാൻ നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. കോവിഡ്-19 എന്ന രോഗത്തിന്റെ പശ്ചാത്തലത്തിൽ

ഈ വർഷത്തെ പുനരൈക്യ നവതി ആഘോഷവും സഭാസംഗമവും ആത്മീയമായും ഏറ്റം ലളിതമായും നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഗവൺമെന്റ് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടുള്ള ലളിതമായ ഒരു കൂടിവരവും ആഘോഷവും മാത്രമേ ഈ വർഷം ഉണ്ടായിരിക്കുകയുള്ളൂ.

ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ജന്മനാടായ മാവേലിക്കര വച്ച് നടത്തുന്ന പുനരൈക്യ നവതിയ്ക്കും സഭാസംഗമത്തിനും ആതിഥേയത്വം വഹിക്കുന്നത് മാവേലിക്കര ഭദ്രാസനമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അഞ്ചാമത്തെ ഭദ്രാസനമായി 2007-ൽ സ്ഥാപിതമായ മാവേലിക്കര ഭദ്രാസനത്തിന്റെ എല്ലാ മേഖലകളിലുമുള്ള വളർച്ചയെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ എല്ലാ ആത്മീയ സംഘടനകളുടെയും കൂട്ടായ്മ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സെപ്റ്റംബർ 18-ന് മുമ്പ് നടത്തപ്പെടുന്നതാണ്. പുനരൈക്യ നവതിയുടെ പ്രധാന ആഘോഷങ്ങൾ നിയന്ത്രണവിധേയമായി സെപ്റ്റംബർ 19 മുതൽ 21 വരെ മാവേലിക്കരയിൽവച്ച് നടത്തപ്പെടുന്നതാണ്. 19-ാം തീയതി മതസൗഹാർദ സമ്മേളനവും, 20-ാം തീയതി രാവിലെ 10 മണിക്ക് എക്യുമെനിക്കൽ സമ്മേളനവും വൈകിട്ട് 6.30-ന് സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യയും ഉണ്ടായിരിക്കുന്നതാണ്. 21-ന് രാവിലെ 8 മണിക്ക് മാവേലിക്കര പുന്നമൂട് കത്തീഡ്രൽ ദൈവാലയത്തിൽ സഭയ്ക്ക് മുഴുവനും വേണ്ടി ഞാൻ വി. കുർബാന അർപ്പിക്കുന്നതാണ്. തുടർന്ന് പൊതുസമ്മേളനവും നടത്തുന്നു. ഈ വർഷത്തെ പ്രത്യേക സാഹചര്യം മനസിലാക്കി എല്ലാവരും സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളിലൂടെ ആഘോഷ പരിപാടിയിൽ സംബന്ധിക്കാൻ പരിശ്രമിക്കുമല്ലോ! വിശദവിവരങ്ങൾ നവതി ആഘോഷങ്ങൾക്ക് ആതിഥ്യം നൽകുന്ന മാവേലിക്കര ഭദ്രാസനത്തിൽ നിന്നും ഇടവകകളെ അറിയിക്കുന്നതാണ്.

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യത്തിന്റെ നവതി ആഘോഷിക്കുന്ന ഈ അവസരത്തിൽ എല്ലാവരുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും ഉണ്ടാകുവാൻ ഞാൻ പ്രത്യേകം ആഹ്വാനം ചെയ്യുന്നു. ദൈവദാസൻ മാർ ഈവാ

നിയോസ് പിതാവിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്താനുള്ള നാമകരണ നടപടിയിൽ എല്ലാവരുടെയും പ്രാർത്ഥന ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു. നമ്മുടെ സഭാ പുനരൈക്യത്തിന്റെ ആത്മീയ ഭാവം നഷ്ടപ്പെടാതെ ആ ചൈതന്യം എന്നും നിലനിർത്തി, നമ്മുടെ മക്കളെ കൃപനിറയുന്ന കുടുംബങ്ങളായി സംരക്ഷിച്ച്, സുവിശേഷ കയായി, നമ്മുടെ സഭയെ എന്നും നയിക്കണമേയെന്ന് സർവ്വശ ക്തനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ വരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

ആയത്, ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥ നകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
01-09-2020

---

N.B: ഈ കല്പന, അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും, വൈദിക - സന്യസ്ത പരിശീലന ഭവനങ്ങളിലും ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതും ഭദ്രാസന പ്രസിദ്ധീകരണങ്ങളിൽ ഇടയലേഖനമായി നൽകേണ്ടതുമാണ്.

THE SYRO-MALANKARA CATHOLIC
MAJOR ARCHIEPISCOPAL CHURCH

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP–CATHOLICOS &
MAJOR ARCHBISHOP OF TRIVANDRUM

RESIDENCE & COMMUNICATION
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA.

Office: Tel: +91-471-2541642, 2541643
E-mail: catholicostvm@gmail.com
Personal Tel: +91 471 2541331
E-mail: baselioscleemis@gmail.com
Web: malankaratvm.com

Prot. No. SMCC/ECI 02/349/2020 24 August 2020

His Grace
**Joseph Mar Gregorios Metropolitan**

Metropolitan-Trustee of the
Malankara Jacobite Syrian Church

**മലങ്കര യാക്കോബായ സുറിയാനി സഭയുടെ ഏറ്റം അഭിവന്ദ്യനായ മെത്രാപ്പോലീത്തൻ-ട്രസ്റ്റി നി.വ.ദി.മ.ശ്രീ. ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമേനി,**

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വന്ദ്യനാമത്തിൽ അങ്ങേയ്ക്ക് സഹോദരനടുത്ത സ്നേഹ ചുംബനം! ശ്രേഷ്ഠ കാതോലിക്കാ ആബൂൻ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ തിരുമേനിയോടും അങ്ങയുടെ സഭയിലെ ശ്രേഷ്ഠരായ മെത്രാപ്പോലീത്താമാരോടും ബഹു. വൈദികരോടും സഭാമക്കളോടും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുള്ള സ്നേഹവും ആദരവും വാത്സല്യവും സവിനയം അറിയിക്കട്ടെ!

മലങ്കര യാക്കോബായ സുറിയാനി സഭ ഈയടുത്ത നാളുകളിൽ അനുഭവിക്കുന്ന വേദനകളെ മനസ്സിലാക്കുന്നു. കർതൃസന്നിധിയിൽ പ്രാർത്ഥിക്കുന്നു. ഇപ്പോൾ സമൂഹം അനുഭവിക്കുന്ന പ്രതികൂല സാഹചര്യങ്ങളുടെ ഇടയിലും നിങ്ങളുടെ ആരാധനാലയങ്ങൾ സഭയ്ക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നത് വേദനയോടെ കാണുന്നു. മദ്ധ്യസ്ഥ ശ്രമങ്ങൾക്കും കൂടിയാലോചനകൾക്കും ഔദ്യോഗികമായും അനൗദ്യോഗികമായുംകേരളത്തിലെ സഭാദ്ധ്യക്ഷന്മാർ ആത്മാർത്ഥമായി പരിശ്രമിച്ചതും അത്തരം ശ്രമങ്ങൾ സ്വീകരിക്കാതെ ഇരിക്കുന്നതും അഭിവന്ദ്യ തിരുമേനിക്കും അങ്ങയുടെ സഭയ്ക്കും അറിയാവുന്നതാണല്ലോ. ഈയടുത്ത ദിവസങ്ങളിൽ അഭിവന്ദ്യ തിരുമേനിയുടെ മാതൃദൈവാലയമായ മുളന്തുരുത്തി ഉൾപ്പെടെയുള്ള ഏതാനും ദൈവാലയങ്ങൾകൂടി സഭയ്ക്ക് നഷ്ടപ്പെട്ടതിൽ അങ്ങേയ്ക്കും അങ്ങയുടെ സഭയ്ക്കുമുള്ള

വേദനയിലും നഷ്ടത്തിലും മലങ്കര സുറിയാനി കത്തോലിക്കാ സഭ മറ്റുസഭകളോടൊപ്പം പങ്കുചേരുന്നു. ക്രിസ്തീയ സാക്ഷ്യവും സാഹോദര്യവും പൊതുസമൂഹത്തിന്റെ മുൻപിലും നമ്മുടെ തന്നെ ക്രിസ്തീയ യുവതലമുറയുടെ മുൻപിലും പരാജയപ്പെടുന്നതിൽ ഏറ്റം വേദിക്കുന്നു.

എത്രയും അഭിവന്ദ്യനായതിരുമേനി,

ആരാധനാലയങ്ങൾ നഷ്ടമാകുന്നതിൽ അങ്ങയുടെ വേദനയിൽ പങ്കുചേരുന്നതോടൊപ്പം ആരാധനാലയങ്ങളുടെ സൗകര്യമില്ലാത്തതിന്റെ പേരിൽ യാക്കോബായ സഭാമക്കൾക്ക് ആരാധന മുടങ്ങരുത് എന്നാഗ്രഹിക്കുന്നു. നിങ്ങൾക്ക് സ്വന്തമായി ആരാധനാലയം ഉണ്ടാകുന്നതുവരെ അതാത് സ്ഥലങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദൈവാലയങ്ങൾ നിങ്ങളുടെ ആരാധനയ്ക്കുവേണ്ടി തുറന്നുതരുന്നതിന് പൂർണ്ണ സന്തോഷമാണ് എന്ന് അഭിവന്ദ്യതിരുമേനിയെ വിനയപൂർവ്വം അറിയിക്കട്ടെ! ദൈവാലയങ്ങളോ ചാപ്പലുകളോ ഏത് ഭദ്രാസനത്തിലാണോ ആ ഭദ്രാസനാദ്ധ്യക്ഷനെ സമീപിച്ചാൽ മതിയാവും. ഇത് സംബന്ധിച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ ഭദ്രാസനാദ്ധ്യ ക്ഷന്മാരെയും ഞാൻ ഈ വിവരം അറിയിച്ചിട്ടുണ്ട്.

ഒരിക്കൽകൂടി അങ്ങയോടും യാക്കോബായ സുറിയാനി സഭയോടും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കുള്ള സ്നേഹവും ബന്ധവും പ്രാർത്ഥനയും അറിയിക്കുന്നു. നിങ്ങളുടെ വേദനകൾ ശമിക്കുവാനും സ്ഥായിയായി പരിഹാരം ഉണ്ടാകുവാനും വേണ്ടി ഞാൻ കർത്താവിനോട് പ്രാർത്ഥിക്കുന്നു. പരിശുദ്ധ ദൈവമാതാവും സകലവിശുദ്ധരും ഈ വിഷയത്തിൽ നമുക്ക് മാദ്ധ്യസ്ഥം വഹിക്കട്ടെ!

പ്രാർത്ഥനയോടും സ്നേഹാദരവുകളോടും,

കർതൃശുശ്രൂഷയിൽ,




✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

**JACOBITE SYRIAN CHRISTIAN CHURCH**
(Under the Holy Apostolic See of Antioch & all the East)

JOSEPH MOR GREGORIOS
METROPOLITAN TRUSTEE

04-09-2020

To

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**
മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കോസ്
മലങ്കര സുറിയാനി കത്തോലിക്ക സഭ

അഭിവന്ദ്യ പിതാവെ,

യാക്കോബായ സഭയുടെ വലിയ പ്രതിസന്ധിയിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും ശക്തവും, നീതിപൂർവ്വവുമായ ശബ്ദത്തിൽ ഞങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും, ക്രിസ്തീയ മാർഗ്ഗത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ആഹ്വാനം ചെയ്യുകയും യാക്കോബായ സഭയ്ക്ക് ആരാധനാലയങ്ങൾ നഷ്ടപ്പെട്ട സ്ഥലങ്ങളിൽ മറ്റു സംവിധാനങ്ങൾ ഉണ്ടാകുന്നതുവരെ അങ്ങയുടെ കീഴിലുള്ള ദൈവാലയങ്ങൾ പങ്കുവയ്ക്കുവാൻ പോലും കാണിച്ച സന്മനസ്സിനും, മനുഷ്യത്വത്തിനും ക്രിസ്തീയ സാക്ഷ്യത്തിനും ശ്രേഷ്ഠ കാതോലിക്കാ ബാവായ്ക്കും യാക്കോബായ സഭയ്ക്കും വേണ്ടി നിലകൊണ്ടതിന്റെ പേരിൽ വസ്തുതകൾ മനസ്സിലാക്കാതെ മറുവിഭാഗത്തിൽ നിന്നും തെറ്റായ രീതിയിൽ വിമർശനങ്ങൾ ഞങ്ങളെ പ്രതി ഏൽക്കേണ്ടി വരുന്നതിൽ ഞങ്ങൾക്ക് വേദനയും ദുഃഖവും ഉണ്ട്. ജീവിക്കുന്ന ദൈവം പ്രതിഫലം നൽകട്ടെ എന്ന പ്രാർത്ഥിക്കുന്നു. ക്രിസ്തീയ സഭകളുടെ ഐക്യവും, കൂട്ടായ പ്രവർത്തനങ്ങളും, പരസ്പര ശക്തീകരണവും അത്യന്താപേക്ഷിതമായിരിക്കുകയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ ക്രിസ്തുവിനെ സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യമാണല്ലോ. ഒരു സഭയ്ക്കും ഒറ്റപ്പെട്ട ദ്വീപുകളായി നിലനിൽക്കുവാൻ കഴിയില്ലല്ലോ. തുടർന്നും നമുക്ക് ക്രിസ്തീയ സ്നേഹത്തിൽ അധിഷ്ഠിതമായി സഹകരണത്തിന്റെയും ഐക്യത്തിന്റെയും പുതിയ മേഖലകൾ കണ്ടെത്തി ഒത്തൊരുമിച്ച് മുന്നോട്ടു പോകാം. അങ്ങയേയും പ്രതിനിധാനം ചെയ്യുന്ന സഭയേയും ഓർത്തു പ്രാർത്ഥിക്കുന്നു. ഈ പ്രതിസന്ധികൾ അതിജീവിച്ച് സമാധാനത്തിന്റെ കാലങ്ങൾ അനുഭവിക്കുവാൻ തുടർന്നും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ആവശ്യമായ കൈത്താങ്ങലുകൾ നൽകുകയും ചെയ്യണമെ.

പ്രാർത്ഥനയോടും സ്നേഹാദരവുകളോടും
കർത്തൃശുശ്രൂഷയിൽ എളിയ സഹോദരൻ

JACOBITE SYRIAN CHRISTIAN CHURCH JOSEPH MOR GREGORIOS METROPOLITAN METROPOLITAN TRUSTEE

ജോസഫ് ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത

THE SYRO-MALANKARA CATHOLIC CHURCH
**MAJOR ARCHDIOCESE OF TRIVANDRUM**

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL-TVM 9/2020 | 29 September 2020

## സർക്കുലർ

## ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 26-ാം ഓർമ്മപ്പെരുന്നാൾ

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ രണ്ടാമത്തെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ് പുണ്യശ്ലോകനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി സ്വർഗസമ്മാനത്തിനായി വിളിക്കപ്പെട്ടിട്ട് 2020 ഒക്ടോബർ 10-ന് 26 വർഷം തികയുകയാണ്.

പുണ്യശ്ലോകനായ ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ 26-ാം ഓർമ്മപ്പെരുന്നാൾ 2020 ഒക്ടോബർ 9, 10 ദിവസങ്ങളിൽ തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ ആചരിക്കുകയാണ്. **2020 ഒക്ടോബർ 9 വെള്ളിയാഴ്ച വൈകുന്നേരം 6.00-ന്** സന്ധ്യാനമസ്കാരവും കബറിങ്കൽ ധൂപപ്രാർത്ഥനയും നടക്കും. **2020 ഒക്ടോബർ 10 ശനിയാഴ്ച രാവിലെ 6.30-ന് വി. കുർബാനയും** തുടർന്ന് ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കും. സഭയുടെയും സമൂഹത്തിന്റെയും വിശ്വസ്ഥനും വിവേകിയുമായ കാര്യസ്ഥനും മാർഗദർശിയുമായിരുന്ന വന്ദ്യപിതാവിന്റെ അമ്പതിലേറെ വർഷത്തെ പൗരോഹിത്യ ശുശ്രൂഷയും നാല്പത്തിയൊന്നു വർഷത്തെ മേല്പ്പട്ട ശുശ്രൂഷയും വഴിയായി മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും നമ്മുടെ നാടിനും ലഭിച്ച നിരവധിയായ അനുഗ്രഹങ്ങൾ അനുസ്മരിക്കുന്നതിനും ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നതിനുമുള്ള സമയമാണ് ഈ ഓർമ്മപ്പെരുന്നാൾ.

2020 ഒക്ടോബർ 11 ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും മിഷനുകളിലും വന്ദ്യ പിതാവിനുവേണ്ടി ധൂപപ്രാർത്ഥന നടത്തുകയും ചെയ്യേണ്ടതാണ്.

സ്നേഹാശീർവ്വാദങ്ങളോടെ,

+Baselios Cleemis

**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

*N.B: ഈ സർക്കുലറിന്റെ ഉള്ളടക്കം നമ്മുടെ മേജർ അതിഭദ്രാസനത്തിലെ ദൈവാലയങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും അറിയിക്കേണ്ടതാണ്.*

# 90-ാം പുനരൈക്യവാർഷിക സഭാസംഗമം

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 90-ാം പുനരൈക്യ വാർഷികവും സഭാസംഗമവും ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ ജന്മനാടായ മാവേലിക്കര വച്ച് മാവേലിക്കര ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ എല്ലാ ആത്മീയ സംഘടനകളുടെയും കൂട്ടായ്മ ഡിജിറ്റൽ പ്ലാറ്റ്ഫോമിലാണ് നടത്തപ്പെട്ടത്. പുനരൈക്യ നവതിയുടെ പ്രധാന ആഘോഷങ്ങൾ നിയന്ത്രണ വിധേയമായി സെപ്റ്റംബർ 19, 20, 21 തീയതികളിൽ മാവേലിക്കര, പുന്നമൂട് മാർ ഈവാനിയോസ് നഗറിൽ നടത്തപ്പെട്ടു. 19-ാം തീയതി മതസൗഹാർദ സമ്മേളനവും, 20-ാം തീയതി രാവിലെ 10 മണിക്ക് എക്യുമെനിക്കൽ സമ്മേളനവും വൈകിട്ട് 6.30-ന് സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സുവിശേഷസന്ധ്യയും ഉണ്ടായിരിക്കുന്നു. 21-ന് രാവിലെ 8 മണിക്ക് മാവേലിക്കര പുന്നമൂട് കത്തീഡ്രൽ ദൈവാലയത്തിൽ സഭയ്ക്ക് മുഴുവനും വേണ്ടി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ വി. കുർബാന അർപ്പിച്ചു. അഭിവന്ദ്യ ആർച്ചുബിഷപ്പുമാരായ തോമസ് മാർ കൂറിലോസ്, മാർ ജോസഫ് പെരുന്തോട്ടം, മാർ മാത്യു മൂലക്കാട്ട്, അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, വിൻസെന്റ് മാർ പൗലോസ്, സാമുവൽ മാർ ഐറേനിയോസ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ്, തോമസ് മാർ യൗസേബിയൂസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, ബിഷപ്പ് ആന്റണി മുല്ലശ്ശേരി, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു. വിശുദ്ധ കുർബാനമധ്യേ കൊല്ലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ആന്റണി മുല്ലശ്ശേരി തിരുമേനി വചനസന്ദേശം നൽകി. തുടർന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മലങ്കര സുറിയാനി കത്തോലിക്കാ സഭയെ അഭിസംബോധന ചെയ്തു സംസാരിച്ചു.

രാവിലെ 11.00ന് നടന്ന പൊതുസമ്മേളനം ചങ്ങനാശ്ശേരി അതിരൂപതാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് ജോസഫ് പെരുന്തോട്ടം, ഉദ്ഘാടനം ചെയ്തു. കോവിഡ് 19 വ്യാപന പശ്ചാതലത്തിലെ നിയന്ത്രണങ്ങൾ അനുസരിച്ച് തെരഞ്ഞെടുത്ത നൂറ് അംഗങ്ങളാണ് ആഘോഷ പരിപാടിയിൽ സംബന്ധിച്ചത്. സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളിലൂടെ സഭാ മക്കൾ ആഘോഷ പരിപാടിയിൽ സംബന്ധിച്ചു.

## മാർത്താണ്ഡം, പുത്തൂർ ഭദ്രാസനങ്ങളുടെ കാനോനിക അതിർത്തി പുനർനിർണ്ണയിച്ചു.

മാർത്താണ്ഡം, പുത്തൂർ ഭദ്രാസനങ്ങളുടെ കാനോനിക അതിർത്തി വർദ്ധിപ്പിച്ചുകൊണ്ടുള്ള പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനം സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി 2020 സെപ്റ്റംബർ 21-ാം തീയതി മാവേലിക്കരയിൽ പുനരൈക്യവാർഷിക സഭാസംഗമത്തോടനുബന്ധിച്ചുനടന്ന പൊതുസമ്മേളനത്തിൽ വച്ച് പ്രഖ്യാപിച്ചു. ഇതിന്റെ ഔദ്യോഗിക കല്പന കൂരിയ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് മെത്രാപ്പൊലീത്ത വായിച്ചു.

**മാർത്താണ്ഡം ഭദ്രാസനം:** ഇപ്പോൾ സെന്റ് എഫ്രേം പൂനൈ-കട്കി ഭദ്രാസനാത്തിന്റെ അതിർത്തിയിൽപ്പെട്ടിരുന്ന തമിഴ്നാട്ടിലെ ജില്ലകളായ തിരുനൽവേലി, തെങ്കാശി, തൂത്തുക്കുടി, വിരുതുനഗർ, പുതുകോട്ടൈ, തഞ്ചാവൂർ, തിരുവാരൂർ, നാഗപട്ടണം, തൃശ്നാപ്പള്ളി, പെരമ്പാളൂർ, അരിയാളൂർ, മധുര, തേനി, ഡിണ്ടിഗൽ, ശിവഗംഗ, രാമനാഥപുരം, നാമക്കൽ എന്നിവ മാർത്താണ്ഡം ഭദ്രാസനത്തിന്റെ അജപാലന പ്രദേശമായി പ്രഖ്യാപിച്ചു.

**പുത്തൂർ ഭദ്രാസനം:** സെന്റ് എഫ്രേം പൂനൈ-കട്കി ഭദ്രാസനാത്തിന്റെ അതിർത്തിയിൽപ്പെട്ടിരുന്ന കർണ്ണാടകയിലെ ഉത്തരകന്നഡ, തുംകൂർ, ബാംഗ്ലൂർ അർബൻ, ബാംഗ്ലൂർ റൂറൽ, രാമനഗർ, ചിക്കബെല്ലാപ്പൂർ, കോളാർ എന്നീ ജില്ലകൾ പുത്തൂർ ഭദ്രാസനത്തിന്റെ അജപാലന പ്രദേശമായി കൂട്ടിച്ചേർത്തു. ഈ നൈയാമിക സംവിധാനം ഒക്ടോബർ 1-ന് നിലവിൽ വരും.

## 91-ാം സഭാസംഗമം മാർത്താണ്ഡത്ത്

പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനം അനുസരിച്ച് 91-ാം സഭാസംഗമത്തിന് ആഥിത്യം വഹിക്കുന്നത് മാർത്താണ്ഡം ഭദ്രാസനം ആയിരിക്കും. മാവേലിക്കരയിൽ നടന്ന പുനരൈക്യവാർഷികത്തിന്റെയും സഭാസംഗമത്തിന്റെയും ആഘോഷങ്ങളുടെ സമാപനത്തിലാണ് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഇത് പ്രഖ്യാപിച്ചത്. സഭാസംഗമത്തിന്റെ പതാക അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയും ഭദ്രാസന പ്രതിനിധികളും ചേർന്ന് ഏറ്റുവാങ്ങി.

## മലങ്കര ടി വി (malankaracatholictv)

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മാധ്യമ കമ്മിഷന്റെ നേതൃത്വത്തിൽ പുതിയ യൂട്യൂബ് ചാനൽ-മലങ്കര ടി വി ആരംഭിച്ചു. പുനരൈക്യവാർഷിക ആഘോഷങ്ങളുടെ പൊതു സമ്മേളനത്തിൽ വച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മലങ്കര ടി വിയുടെ ലോഗോ പ്രകാശനം ചെയ്ത് ഉദ്ഘാടനം നിർവ്വഹിച്ചു. സഭയുടെ ഔദ്യോഗിക വാർത്തകൾ സുവിശേഷ സന്ദേശങ്ങൾ ഞായറാഴ്ചകളിലെയും തിരുനാൾ ദിനങ്ങളിലെയും വേദവായനയുടെ വ്യാഖ്യാനങ്ങൾ മുതലായവ ഈ ചാനലിലൂടെ ലഭ്യമാകും.

## മോൺ. ജോർജ്ജ് കുരിശിൻമൂട്ടിൽ<br>കോട്ടയം അതിഭദ്രാസന സഹായമെത്രാൻ

കോട്ടയം അതിഭദ്രാസനത്തിലെ ക്നാനായ മലങ്കര സുറിയാനി കത്തോലിക്ക സമൂഹത്തിന്റെ പ്രത്യേക ചുമതല വഹിക്കുന്നതിനായി ഒരു സഹായ മെത്രാനെ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. കോട്ടയം അതിരൂപതയിലെ കറ്റോട് ഇടവാംഗമായ മോൺ. ജോർജ്ജ് കുരിശിൻമൂട്ടിലിന്റെ റമ്പാൻ സ്ഥാനാരോഹണ ശുശ്രൂഷ 2020 ഒക്ടോബർ 11-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ റാന്നി സെന്റ് തെരേസാസ് ക്നാനായ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടക്കും. ഒക്ടോബർ 29-ന് കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ മെത്രാഭിഷേകവും നടക്കും.

**മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ<br>പ്രാർത്ഥനാശംസകൾ**

## ദൈവാലയ കൂദാശ - ഊരകം

കിളിമാനൂർ വൈദികജില്ലയിലെ ഊരകം സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്ക് വേണ്ടി പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം 2020 ആഗസ്റ്റ് 15 വൈകുന്നേരം 4.30-ന് അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി നിർവ്വഹിച്ചു. കോവിഡ്-19ന്റെ പശ്ചാത്തലത്തിലെ നിയന്ത്രണങ്ങൾ അനുസരിച്ച് നടന്ന കൂദാശയുടെ ക്രമീകരണങ്ങൾക്ക് ഇടവക വികാരി വെരി. റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ നേതൃത്വം നൽകി.

## യാത്രയയപ്പ് നൽകി

സെന്റ് എഫ്രേം പൂന-കടകി ഭദ്രാസനത്തിന്റെ വികാർ ജനറാളായി നിയമിതനായ വെരി. റവ. ഫാ. വർഗ്ഗീസ് അങ്ങാടിയിലിന് 2020 ആഗസ്റ്റ് 16 വൈകുന്നേരം 8.00ന് തിരുസന്നിധി അരമനയിൽ വച്ച് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ നേതൃത്വത്തിൽ അഭിനന്ദനം നേരുകയും യാത്രയയപ്പ് നൽകുകയും ചെയ്തു. മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിലെ ഫിനാൻസ് ഓഫീസറായി സേവനം അനുഷ്ടിക്കുന്നതോടൊപ്പം കഴിഞ്ഞ അഞ്ച് വർഷമായി മേജർ അതിഭദ്രാസനത്തിലെ ചിറമുക്ക്, പൂവത്തൂർ എന്നീ ദൈവാലയങ്ങളുടെ വികാരിയായും സേവനം അനുഷ്ഠിച്ചതിൽ മേജർ അതിഭദ്രാസനത്തിന്റെ കടപ്പാട് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി രേഖപ്പെടുത്തി. വെരി. റവ. ഫാ. തോമസ് കയ്യാലയ്ക്കൽ ആശംസനേർന്നു സംസാരിച്ചു.

## 'ബേത്ത് മലങ്കര' - സെന്റ് മേരീസ് കത്തീഡ്രലിന്റെ വൈദിക മന്ദിരം കൂദാശ ചെയ്തു

സെന്റ് മേരീസ് കത്തീഡ്രലിനോട് ചേർന്ന് പുതുതായി പണികഴിപ്പിച്ച വൈദിക മന്ദിരം 2020 ഓഗസ്റ്റ് 23 ഞായറാഴ്ച രാവിലെ 8.30-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്തു. ക്രമീകരണങ്ങൾക്ക് വികാരി റവ. ഡോ. ജോൺ പടിപ്പുരയ്ക്കലും അസിസ്റ്റന്റ് വികാരി ജോൺ പാലവിള കിഴക്കേതിലും നേതൃത്വം നൽകി.

## കറവൂർ 'St. Pius XI Bhavan' - കൂദാശ ചെയ്തു

കറവൂർ സെന്റ് മേരീസ് ദൈവാലയത്തോടനുബന്ധിച്ച് പുതുതായി പണികഴിപ്പിച്ച വൈദിക മന്ദിരം- 'St. Pius XI Bhavan' 2020 സെപ്റ്റംബർ 12 രാവിലെ 9-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്തു. ക്രമീകരണങ്ങൾക്ക് വികാരി റവ. ഫാ. ഗോഡ് ജോയി രാജ് നേതൃത്വം നൽകി.

## Safe Environment Committee (NAPSEC - Tvm)

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ പുതുതായി നിലവിൽ വന്ന Safe Environment Committeeയുടെ ആദ്യ യോഗം 2020 സെപ്റ്റംബർ 29-ന് അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മേജർ ആർച്ചുബിഷപ്സ് ഹൗസിൽ വച്ചുനടന്നു. സഹജീവികളായ മനുഷ്യരെ കരുതാനും ബഹുമാനിക്കാനും ഈ തലമുറയെ പഠിപ്പിക്കുന്നതിനും മേജർ അതിഭദ്രാസനത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിർഭയമായി ജോലിചെയ്യുന്നതിനുള്ള അന്തരീക്ഷം സംജാതമാക്കുന്നതിന് സഹായിക്കുന്നതിനും നീതി നടപ്പാക്കുന്നതിനുമുള്ള ഉത്തര വാദിത്വം കമ്മിറ്റി അംഗങ്ങളെ അത്യഭിവന്ദ്യ ബാവാ തിരുമേനി പ്രാരംഭ സന്ദേശത്തിലൂടെ ഓർമ്മിപ്പിച്ചു. തുടർന്ന് കമ്മിറ്റി അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു. നീതി നിഷേധം സംബന്ധമായ റിപ്പോർട്ടുകൾ രേഖാമൂലം ചാൻസിലറുടെ ഓഫീസിലാണ് എത്തിക്കേണ്ടത്.

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ പരേതരായ വൈദികർക്കുവേണ്ടി വി. കുർബാന അർപ്പിക്കുന്ന ഒരു പാരമ്പര്യം നമുക്കുണ്ടല്ലോ. 2020 സെപ്റ്റംബർ 6-ന് നിര്യാതനായ റവ. ഫാ. ജോൺ താഴയിലിനുവേണ്ടി തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികർ ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.

- ചാൻസിലർ

# വിശ്വാസപരിശീലന കാര്യാലയം

## ഓൺലൈൻ ക്ലാസ്സ്

ഓൺലൈൻ മതബോധന ക്ലാസ്സ് ആഗസ്റ്റ് 9 മുതൽ ആരംഭിച്ചു. ഓൺലൈൻ ക്ലാസ്സുകൾ എല്ലാ ഞായറാഴ്ചയും catechismtrivandrum എന്ന youtube Channel വഴി ലഭ്യമാണ്. ഈ ഉദ്യമത്തിന് എല്ലാ വിധമായ നേതൃത്വവും പ്രോത്സാഹനവും നൽകുന്ന അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവയ്ക്കും ക്ലാസ്സുകൾക്ക് നേതൃത്വം കൊടുക്കുന്ന പ്രഗത്ഭരായ ബഹുമാനപ്പെട്ട വൈദികർക്കും, സിസ്റ്റേഴ്സിനും, മതാദ്ധ്യാപകർക്കും ഈ ശുശ്രൂഷയിൽ പങ്കുചേരുന്ന ഇടവക ദൈവാലയങ്ങൾ, കുടുംബങ്ങൾ, കൂട്ടായ്മകൾ, വിദ്യാർത്ഥികൾ എന്നിവർക്കും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മതബോധന കാര്യാലയത്തിന്റെ പേരിൽ നന്ദി അർപ്പിക്കുന്നു.

ഓരോ പാഠങ്ങളുടെ അവസാനം അദ്ധ്യാപകർ നൽകുന്ന Assaignment കൃത്യമായി Home Work ചെയ്ത് നിങ്ങളുടെ ഇടവകയിൽ വിശ്വാസപരിശീലനത്തിന് നേതൃത്വം നൽകുന്നവർക്ക് നൽകേണ്ടതാണ്. അത് സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനും മൂല്യനിർണ്ണയത്തിനും ആവശ്യമാണ്.

## 2019-2020 ഡയറി

2019-2020 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും ഡയറി വൈദികജില്ലാ മൂല്യനിർണ്ണയത്തിനു ശേഷം അതിഭദ്രാസന കാര്യാലയത്തിൽ ഒക്ടോബർ 30-നു മുമ്പായി സമർപ്പിക്കുവാൻ ജില്ലാ ഡയറക്ടേഴ്സ് ശ്രദ്ധിക്കണമെന്ന് താൽപര്യപ്പെടുന്നു. 10,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് പരീക്ഷ ഉള്ളതിനാൽ അവരുടെ ഡയറികൾ ജില്ലാകേന്ദ്രങ്ങളിൽ മൂല്യനിർണ്ണയം ചെയ്യേണ്ടതില്ല.

## പുതിയതായി നിയമിതരായ ജില്ലാ ഡയറക്ടേഴ്സ്

ആയൂർ - റവ. ഫാ. പോൾ വിളയിൽ

കിളിമാനൂർ - റവ. ഫാ. സാമുവൽ തോണ്ടുപറമ്പിൽ

പുതുതായി ചുമതലയേറ്റ ബഹുമാനപ്പെട്ട ജില്ലാ ഡയറക്ടേഴ്സിന് മേജർ അതിഭദ്രാസന കാര്യാലയത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു. അതോടൊപ്പം കഴിഞ്ഞ കാലയളവിൽ ഡയറക്ടർമാരായി പ്രവർത്തിച്ച റവ. ഫാ.തോമസ് മരോട്ടിമൂട്ടിൽ

(ആയൂർ), റവ. ഫാ. ഗോഡ്ജോയി (കിളിമാനൂർ) എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

## അവധിക്കാല ഓൺലൈൻ എം.ബി.ഒ.സി.
## 7കൈയെഴുത്തുപ്രതി സമ്മാനങ്ങൾ

2020-ൽ ഓൺലൈൻ ആയി നടന്ന ഹോം ബേയ്സ്ഡ് എം.ബി.ഒ.സി. (ബിബ്ലിയ-2020) പ്രവർത്തനങ്ങളെ അധീകരിച്ച് കുട്ടികളിൽ നിന്ന് സ്വീകരിച്ച കൈയ്യെഴുത്ത് പത്രത്തിന്റെ റിസൾട്ട് ചുവടെ ചേർക്കുന്നു. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ വിജയികളായവർക്ക് യഥാക്രമം 2000/-, 1000/-, 500/-രൂപയും അതിഭദ്രാസന കാര്യാലയത്തിൽ നിന്നും നൽകുന്നതാണ്. വിജയികൾക്കു അതിഭദ്രാസന കാര്യാലയം അഭിനന്ദനങ്ങൾ അറിയിക്കുന്നു.

| പേര് | ഇടവക | വൈദികജില്ല | റാങ്ക് |
|---|---|---|---|
| റ്റെൽന എസ് ഷാലി | പാറോട്ടുകോണം | തിരുവനന്തപുരം | Ist |
| ജെസ്ന വിമൽ ജോഷ്വാ | കരകുളം | നെടുമങ്ങാട് | 2nd |
| നീതാ പി ഫിലിപ് | ഇളമണ്ണൂർ | അടൂർ | 3rd |
| ജ്യോതിക അനിൽ | പട്ടം | തിരുവനന്തപുരം | 3rd |
| **പ്രോത്സാഹന സമ്മാനാർഹർ** | | | |
| എമി എൽസ ഷൈജു | പൊങ്ങുംമൂട് | തിരുവനന്തപുരം | |
| ഹൃദ്യ മറിയം ഷിബു | കാര്യവട്ടം | കഴക്കൂട്ടം | |
| അഞ്ജു ജോൺ | ഇളമണ്ണൂർ | അടൂർ | |
| ദിയാ സാലു | ഇളമണ്ണൂർ | അടൂർ | |
| സാന്ദ്രാ എസ് | കരകുളം | നെടുമങ്ങാട് | |

# എം.സി.വൈ.എം

## അർദ്ധ വാർഷിക സെനറ്റ്

തിരുവനന്തപുരം മേജർ അതിഭദ്രാസന സമതിയുടെ അർദ്ധ വാർഷിക സെനറ്റ് ആഗസ്റ്റ് മാസം 2ന് 'സൂം ആപ്ലിക്കേഷൻ' വഴി നടത്തി. വൈദിക ജില്ലകളെ പ്രതിനിധീകരിച്ച് ജില്ലാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവർ പങ്കെടുത്തു.

ഈ സമ്മേളനത്തിൽ വൈദിക ജില്ലകൾ മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ആയി റിപ്പോർട്ട് അവതരിപ്പിച്ചു. മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാദർ വർഗീസ് കിഴക്കേക്കര സെനറ്റ് ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിച്ച സമ്മേളനത്തിൽ

മേജർ അതിഭദ്രാസന പ്രസിഡന്റ് ശ്രീ. ജെറിൻ മാത്യു പുതുവീട്ടിൽ അധ്യക്ഷത വഹിച്ചു. അതിഭദ്രാസന ഭാരവാഹികളായ ജോമോൾ, രഞ്ജിത ആർ. ജെ., മോബിൻ മോനച്ചൻ, ലിജു ബാബു കോട്ടവട്ടം തുടങ്ങിയവർ പ്രസംഗിച്ചു. ആമുഖപ്രസംഗം അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത് നടത്തി. മേജർ അതിഭദ്രാസന വൈസ് പ്രസിഡന്റുമാരായ നിഖിൽ ജാക്സൺ, ഷാരോൺ, കെ. റെജി, ആതിര എസ്. ലാലു എന്നിവർ ചെയർ കൈകാര്യം ചെയ്തു. ട്രഷറർ ജിജു ജസ്റ്റിൻ കോഴിയോട് നന്ദി പറഞ്ഞു. മേജർ അതിഭദ്രാസന ജനറൽ സെക്രട്ടറി ലിജു ബാബു കോട്ടവട്ടം റിപ്പോർട്ട് അവതരിപ്പിച്ചു. സംഘടനാ ചർച്ചക്ക് ശേഷം സെനറ്റ് അവസാനിക്കുകയും ചെയ്തു.

## ‘My priest and my life’

ഓഗസ്റ്റ് 4 ഇടവക വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ ദിനത്തോടനുബന്ധിച്ച് My priest and my life എന്ന വിഷയത്തിൽ യുവജനങ്ങൾക്ക് അവരവരുടെ ഇടവക വൈദികരെ കുറിച്ച് ലഘുകുറിപ്പ് എഴുതാനുള്ള അവസരം മേജർ അതിഭദ്രാസന സമിതി നൽകി. മികച്ച കുറിപ്പുകൾ തിരുവനന്തപുരം ഭദ്രാസന സമിതിയുടെ ഒഫീഷ്യൽ ഫേസ്ബുക്ക് പേജിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

## ‘സ്വാതന്ത്ര്യദിനാഘോഷം’

കോവിഡ് ആശങ്കകളുടെ കാർമേഘങ്ങൾക്കിടയിൽ രാജ്യം എഴുപത്തിനാലാമത് സ്വാതന്ത്ര്യദിനം ആഘോഷിച്ചപ്പോൾ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തു സൂക്ഷിക്കണം എന്ന സന്ദേശം നൽകിക്കൊണ്ട് തിരുവനന്തപുരം മേജർ അതി ഭദ്രാസന ഭാരവാഹികൾ ഒരുമിച്ച് നെടുമങ്ങാട് വിമല ഇംഗ്ലീഷ് വിദ്യാലയത്തിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി.

### ‘100 ചലഞ്ച്’

കഴക്കൂട്ടം, കിളിമാനൂർ, നെടുമങ്ങാട്, അഞ്ചൽ, ആയുർ, കൊട്ടാരക്കര, പുനലൂർ, അടൂർ എന്നീ വൈദിക ജില്ലകളിൽ ഓഗസ്റ്റ് 15, 16 ദിവസങ്ങളിലായി ഭക്ഷണകിറ്റ് വിതരണം നടത്തുകയുണ്ടായി.

13 തരത്തിലുള്ള നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടുത്തി ഒന്നരലക്ഷം രൂപയുടെ അഞ്ഞൂറോളം ഭക്ഷണ കിറ്റുകൾ ആണ് വിതരണം ചെയ്തത്. അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമനസ്സിന്റെ നിർദ്ദേശപ്രകാരം വൈദിക ജില്ലാ ഡയറക്ടർ, പ്രസിഡന്റ്, ജില്ലാ വികാരി തുടങ്ങിയവരോട് ആലോചിച്ച് ഏറ്റവും അർഹരായ മേജർ അതി ഭദ്രാസനത്തിലെ അംഗങ്ങൾക്കാണ് ഈ സഹായം എത്തിച്ചത്. മേജർ അതിഭദ്രാസന സമിതി നേതൃത്വം നൽകി.

# ഇടയനാളാഗമം

## ആഗസ്റ്റ്, സെപ്റ്റംബർ 2020

## (പ്രധാന പരിപാടികൾ)

### ആഗസ്റ്റ്

**ആഗസ്റ്റ് 1**

ഉച്ചയ്ക്ക് 3.30 ന് റവ. ഡോ. സി. സി. ജോൺ രചിച്ച "ട്രഷർ" (Treasure) എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചു.

**ആഗസ്റ്റ് 3**

വൈകുന്നേരം 9-ന് കെ.സി.ബി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തിയ അഭിവന്ദ്യ പിതാക്കന്മാരുടെ ഓൺലൈൻ ധ്യാനത്തിൽ പങ്കെടുത്തു.

**ആഗസ്റ്റ് 6**

രാവിലെ 11-ന് കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രയാസം അനുഭവിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്ന "കോവിഡ്-19 ഹൃദയപൂർവ്വം ഒരു കൈത്താങ്ങ്" പദ്ധതിയുടെ രൂപ രേഖ ക്ലിഫ് ഹൗസിൽ ബഹു. മുഖ്യമന്ത്രിക്ക് കൈമാറുകയും, ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

**ആഗസ്റ്റ് 10**

രാവിലെ 1-ന് ബഹു. സിസ്റ്റർ അഗസ്റ്റിൻ എസ്.ഐ.സിയുടെ ശവസംസ്ക്കാര ശുശ്രൂഷയിൽ നാലാഞ്ചിറ മഠത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലെ പുതിയ ബാച്ചിലെ വൈദിക വിദ്യാർത്ഥികളെ കാണുകയും ആശീർവ്വാദം നൽകുകയും ചെയ്തു.

**ആഗസ്റ്റ് 15**

രാവിലെ 6-30ന് പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോടും ഇടവക തിരുനാളിനോടും അനുബന്ധിച്ച് പട്ടം കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

വൈകുന്നേരം 4.30ന് കിളിമാനൂർ വൈദിക ജില്ലയിലെ ഊരകം സെന്റ് തോമസ് ഇടവകയ്ക്കുവേണ്ടി പുതുതായി പണികഴിപ്പിച്ച ദൈവാലയം കൂദാശ ചെയ്ത് സന്ദേശം നൽകി.

**ആഗസ്റ്റ് 16**

രാവിലെ 07.00-ന് കുടപ്പനക്കുന്ന് ഡി.എം. ജനറലേറ്റിൽ വി. കുർബാന അർപ്പിക്കുകയും, പുതിയ നോവിസുകളെ നോവിഷ്യേറ്റിലേക്കു പ്രവേശിപ്പിക്കുന്ന കർമ്മത്തിൽ മുഖ്യ കാർമ്മികത്വം വഹിക്കുകയും ചെയ്തു.

വൈകുന്നേരം 8-ന് പട്ടം തിരുസന്നിധി അരമനയിൽ സെന്റ് എഫ്രേം പൂന-കട്കി ഭദ്രാസനത്തിന്റെ പുതിയ വികാരി ജനറലായി നിയമിതനായ പെരിയ ബഹു. വർഗ്ഗീസ് അങ്ങാടിയിൽ അച്ചനെ ആദരിച്ചു.

**ആഗസ്റ്റ് 17**

രാവിലെ 9.00-ന് റൂസാ (RUSA)യുടെ സാമ്പത്തിക സഹായത്തോടെ ആരംഭിക്കുന്ന പുതിയ പ്രോജക്ടിന് മാർ തെയോഫിലസ്സ് ട്രയിനിംഗ് കോളേജിൽ തറക്കല്ലിട്ടു.

**ആഗസ്റ്റ് 18**

മാർ ഈവാനിയോസ് കോളേജ് കരിയർ ആൻഡ് പ്ലെയ്സ്മെന്റ് സെല്ലും അമിക്കോസും സംയുക്തമായി സംഘടിപ്പിച്ച സിവിൽ സർവ്വീസ് വിജയികളെ അനുമോദിക്കുന്ന വെർചൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

**ആഗസ്റ്റ് 21**

രാവിലെ വേറ്റിനാട് കേരള ടൂറിസത്തിന്റെ സഹായത്തോടെ പുതുതായി പണികഴിപ്പിക്കുന്ന തീർത്ഥാടന കേന്ദ്രത്തിനു തറക്കല്ലിട്ടു.

**ആഗസ്റ്റ് 22**

രാവിലെ തിരുവല്ല സെന്റ് തോമസ്സ് കത്തീഡ്രലിൽ മെൽവിൻ ജേക്കബിന്റെയും അയ്ഡായുടെയും വിവാഹം ആശീർവദിച്ചു.

**ആഗസ്റ്റ് 23**

രാവിലെ കിഴക്കേത്തെരുവ് ഹോളിട്രിനിറ്റി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ജുബിന്റെയും സാന്ദ്രയുടെയും വിവാഹം ആശീർവദിച്ചു.

ഉച്ചയ്ക്ക് 3-ന് ആര്യങ്കാവ് സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ബഹു. സാം പുതുവേലിൽ അച്ചന്റെ ശവസംസ്ക്കാര ശുശ്രൂഷക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.

**ആഗസ്റ്റ് 29**

വൈകുന്നേരം 4ന് തിരുസന്നിധിയിൽ ഇക്കഴിഞ്ഞ സിവിൽ സർവ്വീസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ നാലാഞ്ചിറ, മാർ ഈവാനിയോസ് വിദ്യാനഗറിലെ സ്ഥാപനങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ പഠിച്ച, വ്യക്തികളെ ആദരിച്ചു.

**ആഗസ്റ്റ് 31**

ഉച്ചയ്ക്ക് 1.00-ന്, അരമനയിൽ ബഹു. വൈദികർക്കും, തിരുവനന്തപുരം അതിഭദ്രാസനത്തിലെ മേജർ സെമിനാരി വൈദിക വിദ്യാർത്ഥികൾക്കും ഒപ്പം തിരുവോണ സദ്യയിൽ പങ്കെടുത്തു.

## സെപ്റ്റംബർ

**സെപ്റ്റംബർ 1**

രാവിലെ 11.00-ന്, വന്ദ്യ മാത്യു പൊൻമേലിൽ കോറെപ്പിസ്കോപ്പായുടെ നിര്യാണത്തെ തുടർന്ന് കോട്ടൂരിലെ ഭവനത്തിലെത്തി ശുശ്രൂഷയിൽ പ്രധാന കാർമ്മികത്വം വഹിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

**സെപ്റ്റംബർ 5**

ഉച്ചയ്ക്ക് 12.00-ന്, വടക്കുപ്പുറം തിരുഹൃദയ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ ജോബിൻ ജോസ്സിന്റെയും ദീപ്തി ആൻ മാത്യുസ്സിന്റെയും മനസ്സമ്മതത്തിനു മുഖ്യ കാർമ്മികത്വം വഹിച്ചു.

**സെപ്റ്റംബർ 7**

ഉച്ചയ്ക്ക് 2.30-ന്, കരവാളൂർ സെന്റ് ബെനഡിക്ട് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ ബഹു. ജോൺ താഴയിൽ അച്ചന്റെ ശവസംസ്ക്കാര ശുശ്രൂഷയ്ക്ക് പ്രധാന കാർമ്മികത്വം വഹിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

**സെപ്റ്റംബർ 8**

രാവിലെ 6.30-ന്, അരമന ചാപ്പലിൽ പരിശുദ്ധ ദൈവമാതാവിന്റെ ജനനത്തിരുന്നാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

ഉച്ചയ്ക്ക് തദ്ദിവസത്തിൽ, ജന്മദിനം ആഘോഷിച്ച മലങ്കര മാർത്തോമ്മാ സഭയുടെ അഭിവന്ദ്യ ജോസഫ് മാർ ബർണബാസ് തിരുമേനിയെ സന്ദർശിക്കുകയും ജന്മദിനാശംസകൾ അറിയിക്കുകയും ചെയ്തു.

രാത്രി 9.00-ന്, ഒമാൻ മലങ്കര കത്തോലിക്ക സമൂഹം സംഘടിപ്പിച്ച 'മരിയൻ യാത്ര' എന്ന ഓൺ ലൈൻ ധ്യാനത്തിനു സമാപന സന്ദേശം നൽകി.

**സെപ്റ്റംബർ 9**

രാവിലെ 10-ന് നാലാഞ്ചിറയിൽ മാടപ്പള്ളി ലാജിയുടെയും റാണിയുടെയും പുതുതായി പണികഴിപ്പിച്ച ഭവനം കൂദാശ ചെയ്തു.

രാത്രി 9.00-ന്, യു.എ.ഇ. മലങ്കര കത്തോലിക്ക സമൂഹം സംഘടിപ്പിച്ച 'ആത്മ നിറവ്-2020' എന്ന ഓൺ ലൈൻ കൺവൻഷൻ ഉദ്ഘാടനം ചെയ്തു.

**സെപ്റ്റംബർ 12**

രാവിലെ 9.00-ന്, കറവൂർ സെന്റ് മേരീസ് ദൈവാലയത്തിൽ പുതുതായി പണികഴിപ്പിച്ച പള്ളിമേട (St. Pius XI Bhavan) കൂദാശ ചെയ്തു.

**സെപ്റ്റംബർ 13**

വൈകുന്നേരം 8.00-ന്, വൈ.എം.സി.എ സംഘടിപ്പിച്ച ഓൺ ലൈൻ മീറ്റിങ്ങിൽ പ്രാർത്ഥന സന്ദേശം നൽകി.

**സെപ്റ്റംബർ 14**

ഉച്ചയ്ക്ക് 1.30-ന്, പരേതനായ പുതുശ്ശേരി ഭാഗം കാവിള പുത്തൻവീട് ഫിലിപ്പിന്റെ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

**സെപ്റ്റംബർ 18**

രാവിലെ 6.30-ന്, ദൈവദാസൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം പുനരൈക്യപ്പെട്ട ശ്രീമാൻ കിളിലേത്ത് ചാക്കോയുടെ 50-ാം ചരമവാർഷികത്തോട് അനുബന്ധിച്ച് സെന്റ് മേരീസ് കത്തീഡ്രലിൽ വി. കുർബാന അർപ്പിക്കുകയും കബറിങ്കൽ ധൂപാർപ്പണം നടത്തുകയും ചെയ്തു.

വൈകുന്നേരം, മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ നിയമസഭാ പ്രവേശനത്തിന്റെ 50-ാം വാർഷികത്തോട് അനുബന്ധിച്ച് ജഗതിയിലുള്ള അദ്ദേഹത്തിന്റെ വസതിയിൽ എത്തി ആശംസകൾ നേർന്നു.

**സെപ്റ്റംബർ 19**

രാവിലെ 7.00-ന്, പുനരൈക്യ നവതിയുടെ ഭാഗമായി പുതിയകാവ് സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

തുടർന്ന് രാവിലെ 9-ന്, ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മഗൃഹം സന്ദർശിച്ചു പ്രാർത്ഥിച്ചു.

**സെപ്റ്റംബർ 20**

പുനരൈക്യ ദിനമായ ഇന്ന് രാവിലെ 7.30-ന്, പുന്നമൂട് സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വി.കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

**സെപ്റ്റംബർ 21**

പുനരൈക്യ നവതി ആഘോഷങ്ങളുടെ ഭാഗമായി മാവേലിക്കര ഭദ്രാസന ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും, സഭ മുഴുവനുമായി ശ്ലൈഹിക ഉദ്ബോധനം നൽകുകയും, പൊതു സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

**സെപ്റ്റംബർ 24**

രാവിലെ 6.30-ന്, നാലാഞ്ചിറ ബഥനി പ്രൊവിൻഷ്യൽ ഹൗസ്സിൽ വി. കുർബാന അർപ്പിക്കുകയും. സി. ക്ലാര എസ്.ഐ.സി.യുടെ പ്രഥമ വ്രതവാഗ്ദാനം സ്വീകരിക്കുകയും ചെയ്തു.

വൈകുന്നേരം 4.00-ന്, കോട്ടയം അതിരൂപതയിലെ നിയുക്ത സഹായ മെത്രാൻ അഭിവന്ദ്യ ജോർജ് കുരിശുമൂട്ടിൽ പിതാവുമായി പട്ടം തിരുസന്നധി അരമനയിൽ കൂടിക്കാഴ്ച നടത്തി.

**സെപ്റ്റംബർ 25**

വൈകുന്നേരം, വന്ദ്യ ഫിലിപ്പ് ഉഴന്നല്ലൂർ കോർ എപ്പിസ്കോപ്പായുടെ നിര്യാണത്തെ തുടർന്ന് ആശുപത്രിയിലെത്തി പ്രാർത്ഥന നടത്തി.

**സെപ്റ്റംബർ 26**

വൈകുന്നേരം 6.30-ന്, വന്ദ്യ ഫിലിപ്പ് ഉഴന്നല്ലൂർ കോർ എപ്പിസ്കോപ്പായുടെ ശവസംസ്കാരത്തിന്റെ 5-ാം ശുശ്രൂഷയ്ക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.

**സെപ്റ്റംബർ 27**

ഉച്ചയ്ക്ക് 3.00-ന്, ദിവംഗതനായ വന്ദ്യ ഫിലിപ്പ് ഉഴന്നല്ലൂർ കോർ എപ്പിസ്കോപ്പായുടെ ശവസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

**സെപ്റ്റംബർ 28**

രാവിലെ 6.30-ന്, ഭാഗ്യസ്മരണാർഹനായ സഖറിയാസ് മാർ അത്തനാസിയോസ്സ് തിരുമേനിയുടെ ഓർമ്മയോടനുബന്ധിച്ച് തിരുവല്ല, സെന്റ് ജോൺസ് കത്തീഡ്രലിൽ വി. കുർബാന അർപ്പിക്കുകയും കബറിങ്കൽ ധൂപാർപ്പണം നടത്തുകയും ചെയ്തു.

തുടർന്ന് വന്ദ്യ ചെറിയാൻ താഴമൺ അച്ചൻ എഡിറ്റ് ചെയ്ത 'ക്രാന്തദർശിയായ പിതാവ് സഖറിയാസ് മാർ അത്തനാസിയോസ്: ഒരു പഠനം' എന്ന ഗ്രന്ഥം പ്രകാശനം ചെയ്ത് ശ്രീ. തരകൻ പോള ച്ചിറക്കലിന് സമ്മാനിച്ചു. സിസ്റ്റർ സെറീന എസ്.ഐ.സി., തയ്യാറാക്കിയ 'കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം- വിഷയസൂചിക', എന്ന പുസ്തകവും, പ്രൊഫസർ സുജ ജോസഫ് തയ്യാറാക്കിയ 'Manual of Preclinical Prosthodontics' എന്ന പുസ്തകവും പ്രകാശനം ചെയ്തു.

രാവിലെ 10.00-ന് തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായോടൊപ്പം, നിര്യാതനായ ശ്രീ. സി.എഫ്. തോമസ് എം.എൽ.എ.യുടെ ചങ്ങാന ശ്ശേരിയിലുള്ള ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചന സന്ദേശം നൽകുകയും ചെയ്തു.

11.00-ന്, ചങ്ങനാശ്ശേരി അരമനയിലെത്തി അഭിവന്ദ്യ മാർ ജോസഫ് പൗവ്വത്തിൽ പിതാവിനെ സന്ദർശിച്ചു.

ഉച്ചയ്ക്ക് 12.00-ന്, തിരുവല്ല പുലാത്തീനിൽ മാർത്തോമ്മാ സഭയുടെ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീ ത്തായെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് പുതുശ്ശേരിഭാഗം, ആറാട്ടുപുഴ, കുളക്കട എന്നീ ഇടവകകളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ കണ്ട് വില യിരുത്തി.

**സെപ്റ്റംബർ 29**

രാവിലെ 11-ന്, ദിവംഗതനായ ഫ്രാൻസിസ്കൻ മിഷണറി സമൂഹാംഗമായ ബ്രദർ സാബാസ് സി.എം.എസ്.എഫിന്റെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകുന്നേരം 4-ന് Safe Environment Committee (NAPSEC-Tvm.)യുടെ സത്യപ്രതിജ്ഞയിലും സമ്മേളനത്തിലും അദ്ധ്യക്ഷം വഹിച്ചു.

**സെപ്റ്റംബർ 30**

രാവിലെ 10-ന് മാർ ഈവാനിയോസ് കോളേജിലെ സെൽഫിനാൻസിംഗ് വിഭാഗത്തിൽ പുതുതായി പണികഴിപ്പിക്കുന്ന മന്ദിരത്തിന്റെ തറകല്ലിടീൽ കർമ്മം നിർവ്വഹിച്ചു.

രാവിലെ 11-ന്, നാലാഞ്ചിറ സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ പനച്ചിക്കൽ ജെറിന്റെയും എയ്ഞ്ചലിന്റെയും വിവാഹം ആശീർവദിച്ചു.

# ആദരാഞ്ജലികൾ

## റവ. ഫാ. ജോൺ താഴയിൽ (84)



തിരുവനന്തപുരം മേർ അതിഭദ്രാസനത്തിലെ സീനിയർ വൈദികൻ റവ. ഫാ. ജോൺ താഴയിൽ 2020 സെപ്റ്റംബർ 6-ന് നിര്യാതനായി. അവിഭക്ത തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ മാർത്താണ്ഡം, ചെല്ലങ്കോണം, കാരേറ്റ്, ഊരകം, പാലോട്, വട്ടകരിക്കം, നരിക്കൽ, പെരുങ്ങല്ലൂർ, കല്ലുവാതുക്കൽ, ചാത്തന്നൂർ തുടങ്ങി 30-ഓളം ഇടവകയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ശവസംസ്കാര ശുശ്രൂഷകൾ 2020 സെപ്റ്റംബർ 7-ന് ഉച്ചകഴിഞ്ഞ് 2.30-ന് കരവാളൂർ സെന്റ് ബനഡിക്ട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സാമുവൽ മാർ ഐറേനിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം എന്നീ തിരുമേനിമാർ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

# റൈറ്റ് റവ. ഫിലിപ്പ് ഊഴനല്ലൂർ കോർ എപ്പിസ്കോപ്പ (84)



പാറശ്ശാല ഭദ്രാസനത്തിലെ സീനിയർ വൈദികനും ദീർഘകാലം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ വൈദികനുമായിരുന്ന റൈറ്റ് റവ. ഫിലിപ്പ് ഊഴനല്ലൂർ കോർ എപ്പിസ്ക്കോപ്പ 2020 സെപ്റ്റംബർ 25-ന് നിര്യാതനായി. അവിഭക്ത തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ തട്ട, ചന്ദനപ്പള്ളി, കൊടുമൺ, ഏഴംകുളം, അങ്ങാടിക്കൽ, ആയൂർ, വേങ്ങോട്, ഇളമാട്, വണ്ടന്നൂർ, കണ്ണങ്കോട്, കണ്ടള, കല്ലാമം, കാനക്കുഴി, ചെമ്പരത്തിവിള, പുന്നാവൂർ തുടങ്ങി 60-ഓളം ഇടവകയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അതിഭദ്രാസനത്തിലെ ശ്ലാഘനീയമായ മിഷൻ പ്രവർത്തനത്തിന് ഉടമയായ ബഹു. ഊഴനല്ലൂർ അച്ചൻ തുടക്കംകുറിച്ച 56 കൂട്ടായ്മകൾ വളർന്ന് ഇന്ന് വലിയ ഇടവകകളായി നിലനിൽക്കുന്നു. ശവസംസ്കാര ശുശ്രൂഷകൾ 2020 സെപ്റ്റംബർ 27-ന് ഉച്ചകഴിഞ്ഞ് 3.00-ന് നെല്ലിക്കാട് സെന്റ് ഫിലിഫ്സ് സ്കൂളിന്റെ ചാപ്പലിൽ അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സാമുവൽ മാർ ഐറേനിയോസ്, തോമസ് മാർ യൗസേബിയൂസ് എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാജ്ഞലികൾ!**

## റവ. ഫാ. സാം ഫിലിപ്പ് പുതുവേലിൽ (30)



സെന്റ് അഫ്രേം പൂനെ-കട്കി ഭദ്രസനാംഗമായ റവ. ഫാ. സാം ഫിലിപ്പ് പുതുവേലിൽ (30) 2020 ആഗസ്റ്റ് 20-ന് നിര്യാതനായി. പുനെ-കട്കി ഭദ്രാസനത്തിലെ ബാപ്റ്റല മിഷനിൽ ശുശ്രൂഷ ചെയ്ത് വരികയായിരുന്നു ബഹു. അച്ചൻ. മേജർ അതിഭദ്രാസനത്തിലെ ആര്യങ്കാവ് ഇടവകാംഗമായ ബഹു. അച്ചന്റെ ശവസംസ്കാര ശുശ്രൂഷകൾ 2020 ആഗസ്റ്റ് 23 ന് ഉച്ചകഴിഞ്ഞ് 3ന് അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ ആര്യങ്കാവ് സെന്റ് ജോർജ് ദൈവാലയത്തിൽ നടന്നു. അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സാമുവൽ മാർ ഐറേനിയോസ്, തോമസ് മാർ അന്തോണിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികത്വം വഹിച്ചു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

---

## ബ്രദർ സാബാസ് CMSF (88)



ഫ്രാൻസിസ്കൻ മിഷണറി സമൂഹാഗം ബ്ര. സാബാസ് 2020 സെപ്റ്റംബർ 28-ന് നിര്യാതനായി. ദീർഘകാലം മേജർ അതിഭദ്രാസനത്തിലെ വിവിധ മിഷനുകളിൽ സുത്യർഹമായ ശുശ്രൂഷ ചെയ്തു. ശവസംസ്കാര ശുശ്രൂഷ നാലാഞ്ചിറ ജയമാതാ ആശ്രമ ദൈവാലയത്തിൽ 2020 സെപ്റ്റംബർ 28ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി സഹകാർമ്മികത്വം വഹിച്ചു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

## സി. അഗസ്റ്റിൻ SIC



മിശിഹാനുകരണ സന്യാസിനി സമൂഹം തിരുവനന്തപുരം പ്രോവിൻസ് അംഗം സിസ്റ്റർ അഗസ്റ്റിൻ എസ്.ഐ.സി. 2020 ആഗസ്റ്റ് 9-ന് നിര്യാതയായി. ശവസംസ്കാരം ആഗസ്റ്റ് 10-ന് അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനിയുടെ കാർമ്മികത്വത്തിൽ നാലാഞ്ചിറ മഠത്തിൽ നടന്നു. നാലാഞ്ചിറ, കായംകുളം തുടങ്ങിയ മഠങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

---

## ശ്രീമതി മറിയാമ്മ (95)



മേജർ അതിഭദ്രാസനാംഗമായ റവ. ഫാ. ഡാനിയേൽ കുളങ്ങരയുടെ വത്സല മാതാവ് ശ്രീമതി മറിയാമ്മ കുളങ്ങരവീട് 2020 ആഗസ്റ്റ് 17-ന് നിര്യാതയായി. അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ശവസംസ്കാരം ആഗസ്റ്റ് 18-ന് അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് തിരുമേനിയുടെ കാർമ്മികത്വത്തിൽ കരിമാൻതോട് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ നടന്നു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

---

## ശ്രീ. തോമസ് പി. ജെ. (52)



മേജർ അതിഭദ്രാസനാംഗമായ റവ. ഫാ. ജോഷ്വാ പാറയിലിന്റെ വത്സല സഹോദരൻ ശ്രീ. തോമസ് പി. ജെ. 2020 ആഗസ്റ്റ് 20-ന് നിര്യാതനായി. അത്യഭിവന്ദ്യ കാതോലിക്കാബാവ തിരുമേനി ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. ശവസംസ്കാരം ആഗസ്റ്റ് 22-ന് ആനപ്പെട്ട കോങ്കൽ മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ നടന്നു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

## ജന്മദിനാശംസകൾ

### ഒക്ടോബർ 2020

02 - റവ. ഫാ. ഡാനിയേൽ കുളങ്ങര
04 - റവ. ഫാ. ജേക്കബ് കളിയന്താനം
- റവ. ഫാ. ജോഷ്വാ പാറയിൽ
05 - റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്
10 - റവ. ഫാ. സാമുവേൽ തോപ്പിൽ
13 - റവ. ഫാ. സാം റ്റി. ജോൺ തടത്തിൽ
21 - റവ. ഫാ. എബ്രഹാം ജോസഫ് കന്നിലേത്ത്
25 - റവ. ഫാ. ജോൺ വിളയിൽ

## പ്രാർത്ഥനയിൽ ഓർക്കാം

### ഒക്ടോബർ 2020

01 - റവ. ഫാ. ജോസഫ് താഴത്തുവീട്ടിൽ
09 - റവ. ഫാ. പത്രോസ് കീപ്പള്ളിൽ
- റവ. ഫാ. ഡാനിയേൽ പുത്തൻപുരയിൽ
10 - റവ. ഫാ. വർഗ്ഗീസ് കന്നിമേൽ
- റവ. ഫാ. ജോസഫ് വാഴപ്പിള്ളേത്ത്
- റവ. ഫാ. ഡാനിയേൽ അയ്യനേത്ത്
15 - റവ. ഫാ. പത്രോസ് കിഴക്കേവീട്ടിൽ
- റവ. ഫാ. സെബാസ്റ്റ്യൻ നെടുങ്കല്ലേൽ
23 - റവ. ഫാ. പി.റ്റി. ഗീവർഗീസ് പണിക്കർ
- റവ. ഫാ. മാത്യു തേക്കുംകാട്ടിൽ
26 - റവ. ഫാ. ചാക്കോ മുണ്ടപ്പള്ളി
- റവ. ഫാ. ഗീവർഗ്ഗീസ് തടത്തിൽ
30 - റവ. ഫാ. തോമസ് പാലത്തുംതലക്കൽ

# സ്മരണീയ ദിനങ്ങൾ

## ഒക്ടോബർ 2020

| | | |
|---|---|---|
| 1 | വ്യാ | **വി. കൊച്ചുത്രേസ്യാ** |
| 2 | വെ | കാവൽ മാലാഖമാർ |
| 4 | **ഞാ** | **സ്ലീബാ പെരുന്നാളിനുശേഷം മൂന്നാം ഞായർ** |
| | | വി. ഫ്രാൻസിസ് അസീസ്സി, മാർ ദുമാത്തിയോസ് |
| | | **മലങ്കര സുറിയാനി കത്തോലിക്കാ യുവജനദിനം** |
| 5 | തി | വി. ഫൗസ്റ്റിന |
| 7 | ബു | മാർ സർഗീസും മാർ ബാക്കോസും |
| | | ജപമാലത്തിരുനാൾ |
| 9 | വെ | ഗോത്രപിതാവായ അബ്രഹാം |
| 10 | ശ | **അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഓർമ്മ (1994)** |
| | | ദാനിയേൽ നിബിയാ |
| 11 | **ഞാ** | **സ്ലീബാ പെരുന്നാളിനുശേഷം നാലാം ഞായർ** |
| | | മാർ പീലിപ്പോസ് ശെമ്മാശൻ |
| | | വി. ജോൺ 23-ാം മാർപാപ്പാ |
| 15 | വ്യാ | ആവിലായിലെ വി. അമ്മത്രേസ്യാ |
| 17 | ശ | സുവിശേഷകനായ വി. ലൂക്കോസ് |
| 18 | **ഞാ** | **സ്ലീബാ പെരുന്നാളിനുശേഷം അഞ്ചാം ഞായർ** |
| | | **മിഷൻ ഞായർ** |
| 20 | ചൊ | ജോയേൽ നിബിയ |
| 22 | വ്യാ | വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ |
| 23 | വെ | **ഹൽപെയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹാ** |
| 25 | **ഞാ** | **സ്ലീബാ പെരുന്നാളിനുശേഷം ആറാം ഞായർ** |
| 28 | ബു | **ബത്തേരി ഭദ്രാസന സ്ഥാപന ദിനം (1978)** |

# Major Archieparchial Tribunal News

| Prot.No. | Petitioner/Respondent | Decision | Date |
|---|---|---|---|
| MAET-397/19 | Mr. Shaju T/ Lissy Babu | Affirmative | 10/08/2020 |



പുനരൈക്യ വാർഷിക നവതി ആഘോഷവും സഭാസംഗമവും
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ
ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.
(21 സെപ്റ്റംബർ 2020, പുന്നമൂട്, മാവേലിക്കര)




അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത 'ബേത്ത് മലങ്കര'-
സെന്റ് മേരീസ് കത്തീഡ്രൽ പ്രെസ്ബിറ്ററി. (23 ഓഗസ്റ്റ് 2020, പട്ടം)

KL/TV(N)461/2009-11 RN, KERBIL 01108/11/1/97-TC
THIRUVANANTHAPURAM MAJOR ATHIBHADRASANA BULLETIN, PRICE RS.5/-



ഊരകം സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത് സന്ദേശം നൽകുന്നു. (15 ആഗസ്റ്റ് 2020, ഊരകം)

Printed and Published by the Chancellor, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116